# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*30 March 2012 ~ 06 Jamadul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഭൂമുഖത്തുള്ള തന്റെ എല്ലാ അനുയായികൾക്കും സമാധാനാശംകളർപ്പിച്ചതിനു ശേഷം ഹസ്രത്ത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാത്തിഹ എന്നിവ ഏതിയശേഷം അദ്ദേഹം പറഞ്ഞു.

ഇസ്ലാമികവർഷമായ ഹിജ്റ 1433 ലൂടെ നാം കടന്നു പോയ്ക്കൊണ്ടിരിക്കുകയാണ്. നാമൊന്നു അവലോകനം ചെയ്താൽ ലോകം അജ്ഞാനന്ധകാരത്തിലും, അധർമ്മത്തിലും, പാപങ്ങളിലും, മുങ്ങക്കിടന്ന കാലഘട്ടത്തിൽ ജ്ഞാനത്തിന്റയും, സന്മാർഗ്ഗത്തിന്റെയും, ഒരു പ്രകാശനാളം (അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ.അ) യുടെ ആഗമനം) പാറക്കെട്ടുകളാൽ നിബിഡമായ പർവ്വതങ്ങളുടെ ഇടയിൽ 'ബാത'(മക്കയ്ക്കു ചുറ്റുമുള്ള ചെറിയ പർവ്വതസമുച്ചയത്തിനാണ് 'ബാത' എന്നു പറയുന്നത്) .യിലെ ചക്രവാളങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ഇതിന്റെ പ്രകാശധാര കിഴക്കെന്നോ, പടിഞ്ഞാറെന്നോ, വടക്കെന്നോ, തെക്കെന്നോ,ഉള്ള അതിർവരമ്പുകൾ നോക്കാതെ ലോകം മുഴുവൻ വ്യാപിച്ചു. ഈ പ്രകാശധാര (ദൈവീക പ്രഭ) ഭൂമിയുടെ എല്ലാ കോണുകളിലും, പ്രകാശം ചൊരിഞ്ഞു.ഇരുപത്തിമൂന്നു വർഷത്തെ പരിമിതമായ വർഷങ്ങൾക്കുള്ളിൽ, മുമ്പെങ്ങും കണ്ടിട്ടില്ലാത്ത മഹോന്നതസ്ഥാനങ്ങളിലേക്ക് ലോകജനതയെ ഈ പ്രകാശധാര നയിക്കുകയും, ഉയർത്തുകയുമുണ്ടായി. ഇത് മുസ്ലിംകളെ പ്രകാശപൂരിതങ്ങളാക്കി. ഈ സത്യസന്ദേശത്തെ പിന്തുടരാനുള്ള അതിയായ ഇച്ഛാശക്തി അവരിൽ രൂഢമൂലമാക്കി. ഭാവിയിലും അവരെ വിജയത്തിലേക്ക് നയിക്കുമെന്ന് കരുതി.

ഈ സത്യപാത പിന്തുടർന്നപ്പോൾ, ഈ പ്രകാശധാര അവരെ വഴികാണിച്ചപ്പോൾ, മുസ്ലിംകൾ വിജയങ്ങൾക്കു മേൽ വിജയങ്ങൾ നേടി. ഔന്നത്യങ്ങൾക്ക് മേൽ ഔന്നിത്യം നേടി, ചരിത്രത്തിലെ ഏറ്റവും, മഹത്തായ ബഹുമതി ആർജ്ജിക്കുവാൻ, അവർക്കു കഴിഞ്ഞു.അനേകം നൂറ്റാണ്ടുകൾ ലോക നിയന്ത്രണം അവരുടെ കൈകളിലായി. മഹത്വവും, പ്രതാപവും, അധികാരവും അവരിലൂടെ ലോകം ദർശിച്ചു.അവരെ നേരിടുവാനുള്ള ധൈര്യം മറ്റിതര ഭരണാധികാരികൾക്കില്ലായിരുന്നു. അവരെ നേരിടുവാൻ എതെങ്കിലും ഭരണാധികാരികൾ ശ്രമിച്ചിട്ടുണ്ടെങ്കിൽ അതവരുടെ നാശത്തിലേക്കുള്ള വഴിതുറക്കലായിരുന്നു.

ആർക്കും മായ്ച്ചുകളയാൻ സാധിക്കാത്ത ഒരു ചരിത്രവസ്തുതയാണിത്. എന്നാൽ ദു:ഖകരമെന്നു പറയട്ടെ, ഈ ചരിത്രസത്യം ഇന്ന് ഒരു പഴങ്കഥയായി മാറിയിരിക്കുന്നു. അതെ ഒരു പഴങ്കഥ, പറയാൻ കൊള്ളാവുന്ന പഴങ്കഥ. ആധുനിക കാലഘട്ടത്തിൽ പ്രസക്തി കുറഞ്ഞ ഒരു കാര്യം മാത്രമാണ് ഇസ്ലാമിന്റെ വിജയഗാഥ. പ്രത്യേകിച്ച് ഇക്കാലത്ത് മുസ്ലിംകളുടെ പ്രവർത്തനങ്ങൾ ആദ്യകാല മുസ്ലിംകൾ കാഴ്ചവച്ച മഹത്തായ, വിജയങ്ങളുടെയും, നേട്ടങ്ങളുടെ പുറത്ത്, വഴരെ വലിയ കറുത്ത് മുദ്രയാണ് ചാർത്തിയിരിക്കുന്നത്.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ മുസ്ലിംകൾക്ക് ചരിത്രം ചാർത്തിയിരിക്കുന്ന ബഹുമതി, പദവി, അധികാരം, മഹത്വം ഇവ അനിർവചനീയമാണ്. ചരിത്രവസ്തുതകളിൽ നിന്നും മാറി നാം ഇപ്പോഴത്തെ മുസ്ലിംകളുടെ അവസ്ഥയെക്കുറിച്ച് ചിന്തിച്ചാൽ, (അതായത് അവരുടെ പ്രവർത്തനങ്ങൾ, അവരുടെ സ്ഥാനമാനങ്ങൾ) നമുക്ക് മനസ്സിലാകും. ഈ സമുദായം പ്രയാസങ്ങളിലും, അപകീർത്തിയിലും മുങ്ങിത്താണിരിക്കുന്നു. ഒരു ജനതയ്ക്കുണ്ടായിരിക്കേണ്ട യഥാർത്ഥ ശക്തിയോ, ബഹുമതിയോ, സാഹോദര്യമോ, പരസ്പരണധാരണയോ, ഇല്ല. ഇസ്ലാമിന്റെ ഒരു യഥാർത്ഥ പ്രതിനിധിക്കുണ്ടായിരിക്കേണ്ട സ്വഭാവമഹിമ യോ, ധാർമ്മിക ഗുണങ്ങളോ, അദൃശ്യമായ, ഗുണഗണങ്ങളോ, ഇല്ലാത്തവരായി തീർന്നിരിക്കുന്നു എന്നതാണ് സത്യം.

മുസ്ലിംകൾ മുൻകാലങ്ങളിൽ അവലംബിച്ചിരുന്ന അസാധാരണമായ പ്രവർത്തന മികവ്, ആവേശം ഇന്നവരിൽ കാണാനില്ല. ഈ പ്രവർത്തന മികവ് അന്നവരിൽ ഓരോരുത്തരിലും തെളിഞ്ഞു കാണാമായിരുന്നു. ദു:ഖകരമെന്നു പറയട്ടെ ഇന്നവരിൽ അതിന്റെ ലാഞ്ജനപോലുമില്ല, സംശുദ്ധവും, ആത്മാർത്ഥവുമായ ചിന്താധാര, ഇന്നവരിൽ കാണാനില്ല. മറിച്ച് അവരിൽ ദുരാചാരങ്ങളും, പാപങ്ങളും, കൊടികുത്തി വാഴുന്നു. സത്യപാതയിൽ നിന്നും, സത്പ്രവർത്തനങ്ങളിൽ നിന്നും, അവർ വളരെ വലിയ വിദൂരതയിലാണ്. സത്യപാതയും, സൽപ്രവർത്തിയും, അവർക്ക് ജീവിതവിജയം ഉറപ്പു നല്കിയിരുന്നതാണ്. ഇപ്പോൾ മുസ്ലിംകളുടെ ശത്രുക്കൾ, മുസ്ലിംകൾ എങ്ങനെയാണ് ദുർബലരായത് എന്നതിനെപ്പറ്റി ചർച്ച ചെയ്യുകയാണ്. അവർ മുസ്ലിംകളെ പരിഹസിക്കുന്നു. എല്ലാ പരിഹാസങ്ങളും, അവരുടെ മേൽ ചൊരിയുന്നു. ഇതിലൂടെ അവരിലെ

ശത്രുതയാണ് മറ നീങ്ങി പുറത്തു വന്നിരിക്കുന്നത്.

ദൗർഭാഗ്യവശാൽ പ്രശ്നം ഇവിടെ അവസാനിക്കുന്നില്ല. മുസ്ലിം യുവാക്കൾ പടിഞ്ഞാറിന്റെ സ്വാധീനവലയിത്തിലകപ്പെട്ട്, ആധുനികതയുടെ പേരുപറഞ്ഞ്, പുതുതലമുറയെ വഴികേടിലാക്കിയിരിക്കുകയാണ്.ഇസ്ലാമിന്റെ സുന്ദരമായ തത്വങ്ങളെ പരിഹസിക്കുന്നതിലൂടെ, അവർ ആനന്ദം കണ്ടെത്തുകയാണ്. അതുപോലെ അവർ പരസ്യമായി 'ശരീഅത്തി' നെ വിമർശിക്കുകയും ചെയ്യുന്നു.(ശരീഅത്ത് ഇസ്ലാമിന്റെ പരിശുദ്ധ നിയമങ്ങളാണ്) ശരീഅത്ത് പഴഞ്ചനായി അവർ ചിത്രീകരിക്കുന്നു.ആധുനിക ലോകത്ത് ഇത് അപ്രായോഗികമാണ് എന്നവർ വാദിക്കുന്നു. ഈ പരസ്യ പ്രഖ്യാപനത്തിൽ, ചിന്തയിൽ, പെരുമാറ്റത്തിൽ, അദ്ഭുതപ്പെടാതിരിക്കാൻ എന്തു ന്യായമാണുള്ളത്.ഒരിക്കൽ ഏതൊരു ജനത,ശക്തിയും, സ്ഥിരതയും, ഐശ്വര്യവും, സമാധാനവും, ബഹുമതിയും, ലോകത്തിനു സമർപ്പിച്ചുവോ, ഇപ്പോൾ അവർ, കീറി എറിയപ്പെട്ട,തളർന്ന വിഷണ്ണമായ ഇടിവു പറ്റിയ ജനതയായി മാറിയിരിക്കുന്നു. അവരിപ്പോൾ, പൂർണ്ണമായ (ആത്മീയ) നിദ്രയിലാണ്. അവർ ഒന്നിനും കൊള്ളാത്ത ബലഹീനരായിരിക്കുന്നു. ധാർമ്മിക പാഠങ്ങളും, സ്വഭാവ മഹിമയും, മുഴുലോകത്തിനും ഒരിക്കൽ, സമ്മാനിച്ചവരായിരുന്നു, അവർ. എന്നാൽ ഇന്നിപ്പോൾ ഈ കാതലായ ധാർമ്മിക പാഠങ്ങൾ പ്രാവർത്തികമാക്കാൻ കഴിയാത്ത നിസ്സഹായരായി തീർന്നിരിക്കുന്നു.

ബുദ്ധിജീവികളെന്നും, ഇസ്ലാമിന്റെ സംരക്ഷകരെന്നും പറയപ്പെടുന്നവർ, വിശുദ്ധ ഖുർ ആന്റെയും, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ.അ) യുടെ തിരുസുന്നത്തിന്റെയും, അധ്യാപനങ്ങളിൽ നിന്ന് വ്യതിചലിച്ചു പോയിരിക്കുന്നു.ഇസ്ലാമിന്റെ അധ്യാപനത്തെക്കുറിച്ച് അവർ സമർപ്പിച്ച വസ്തുതകളെ കാര്യമായി നാം പഠന വിധേയമാക്കിയാൽ, ഓരോരുത്തരും, അവരവരുടെ വഴിയിലൂടെ സഞ്ചരിച്ചതായി കാണാം. ഈ സാഹചര്യം ഇസ്ലാമിന് മഹാവിപത്തായി തീരുക്കയുണ്ടായി.

അവർ സമർപ്പിച്ച പ്രതിവിധികൾ രോഗത്തെ മൂർച്ഛിപ്പിക്കുയാണുണ്ടായത്. ഇന്നത്തെ സാഹചര്യം വഷളായിരിക്കുകയാണ്, വരും ദിനങ്ങൾ ഇതിനേക്കാൾ പരിതാപകരമായിരിക്കും. നിരുത്തരവാദിയായി ഇരിക്കുക എന്നത്, ഇപ്പോഴത്തെ നില തുടർന്നു കൊള്ളട്ടെ എന്ന നിസ്സംഗത, ഗുരുതരമായപാപമാണ്, മാപ്പർഹിക്കാത്ത തെറ്റുമാണ്. നാമെന്താണ് ചെയ്യേണ്ടത് എന്ന് ഒരു തീരുമാനത്തിലെത്തുന്നതിനു മുമ്പ് മുസ്ലിംകളുടെ ഈ അധപതനത്തിനുള്ള കാരണങ്ങൾ എന്താണ് എന്ന് വിശകലനം ചെയ്യേണ് ടത് അത്യന്താപേക്ഷിതമാണ്. ഈ പരിതാപകരമായ അവസ്ഥയുടെ യഥാർത്ഥ കാരണങ്ങൾ, എന്താണ്.ഈ അധപതനത്തിന്റെ കാരണങ്ങളെക്കുറിച്ച് വിശദീകരിച്ച് പലകാരണങ്ങളും, സമർപ്പിതമായിട്ടുണ്ട്. ഈ പരിതാപകരമായ അവസ്ഥ കൂടുതൽ വഷളാകാതിരിക്കുവാൻ പല പ്രതിവിധികളും, നിർദ്ദേശിച്ചിട്ടുമുണട്. ദൌർഭാഗ്യവശാൽ, ഇതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും കൂടുതൽ ഇച്ഛാഭംഗമാണ് നല്കിയിട്ടുള്ളത്.പുരോഗതിക്കു പകരം ഹതാശയും, അവ്യക്തതയുമാണ് പ്രദാനം ചെയ്തത്. പ്രത്യേകിച്ച് ഇസ്ലാമിന്റെ ഉപദേശകർക്കിടയിലും, മഹാന്മാരായ േേആത്മാർത്ഥ സേവകർക്കിടയിലും.

ഈ രോഗത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിൽ നാം വിജയിച്ചില്ല, എന്നതാണ് സത്യം. ഈ (ആത്മീയ) രോഗത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ കഴിയാത്തിടത്തോളം കാലം, നമുക്കിതിനൊരു പ്രതിവിധി നിർദ്ദേശിക്കുവാൻ കഴിയില്ല. ശരിയായ ചികിത്സ നല്കാനും കഴിയില്ല. തുടർന്നു ശ്രമിക്കുവാനും, കഴിയില്ല(യഥാർത്ഥ പ്രതിവിധിയുടെ അഭാവത്തിൽ) ഈ സാഹചര്യത്തിൽ ഒരു പ്രതിവിധിയെക്കുറിച്ച് അഥവാ മെച്ചപ്പെടുത്തുവാനുള്ള നീക്കത്തെക്കുറിച്ച് നമുക്ക്എന്തു പ്രതീക്ഷയാണ് വെച്ചു പുലർത്തുവാൻ കഴിയുന്നത്. (മുസ്ലിംകളുടെ ആത്മീയാരോഗ്യത്തിനു വേണ്ടി) രോഗത്തിന്റെ യഥാർത്ഥ കാരണമറിയാതെ ഏതു രീതിയിലുള്ള ചികിത്സ നല്കിയാലും, രോഗത്തിന്റെ കടുപ്പം വർദ്ധിപ്പിക്കുകയേ, ഉള്ളൂ. മാത്രമല്ല അതുകൂടുതൽ കുഴപ്പത്തിലേക്കും, പ്രത്യാശാ നാശത്തിലേക്കും നയിക്കുകയും ചെയ്യും.

ശരീ അത്ത് അല്ലാഹുവിന്റെ വിശുദ്ധ നിയമങ്ങളാണ് എന്ന് ഇസ്ലാം പ്രഖ്യാപിക്കുന്നു. സർവ്വശക്തനായ അല്ലാഹു മനുഷ്യർക്ക് ഒരു പരിപൂർണ്ണ ജീവിതവ്യവസ്ഥ അതിലൂടെ ഉറപ്പു നല്കിയിരിക്കുന്നു. ജീവിതത്തിൽ പുരോഗതി ആർജ്ജിക്കുവാനുള്ള എല്ലാ വഴികളും, അതിലൂടെ തുറന്നിട്ടിരിക്കുന്നു. സത്യപാതയിലൂടെ വിജയം നേടുവാനുള്ള വഴികൾ സർവ്വശക്തനായ അല്ലാഹു ഏതു പാത നാം തെരഞ്ഞെടുക്കണമെന്ന് വ്യക്തമായ മാർഗ്ഗരേഖ അതിലൂടെ വരച്ചു കാട്ടുന്നു. സത്യത്തിൽ നിന്നും അകന്നു പോയാൽ, ജീവിത വഴി ശരിയാക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അതിൽ സൂചിപ്പിച്ചിട്ടുമുണ്ട്.

മറ്റൊരു രീതിയിൽ പറഞ്ഞാൽ മുഹമ്മദ്ദൻ ശരീന്നു: മുസ്ലിംകൾക്ക് ഭൗതികമായും, ആത്മീയ മായുള്ള ഔന്നത്യം, ജീവിതത്തിലുടനീളം അത് ഉറപ്പു നല്കുന്നു. വിധിനാൾ വരേയ്ക്കും, എല്ലാ സാഹചര്യ ത്തെയും നേരിടുവാൻ അത് പര്യാപതമാണ്. ആയതിനാൽ മുസ്ലിംകളുടെ ഇപ്പോഴത്തെ അപകടകരമായ അവസ്ഥ തരണം ചെയ്യുവാൻ ശരീഅത്തിനു പുറത്തു നിന്നുള്ള നിയമങ്ങൾ തേടുക എന്നത് സമയം നഷ്ടപ്പെടുത്തൽ മാത്രമായിരിക്കും. തീർച്ചയായും, നാം അപ്രകാരം ചെയ്യുകയാണെങ്കിൽ(മറ്റെവിടെ നിന്നെങ്കിലും പ്രശ്ന പരി ഹാരം തെരയുകയാണെങ്കിൽ) നമ്മുടെ അവസ്ഥ വീണ്ടും, വളരെ പരിതാപകരമായിത്തീരുന്നതാണ്. മനു ഷ്യസമുദായത്തിനാകമാനം മാർഗ്ഗദർശനവും, എല്ലാ വിജ്ഞാനങ്ങളുടെയും, ഉറവിടവുമായ ശരീഅ:യുടെ അടി സ്ഥാനവുമായ വിശുദ്ധ ഖുർ ആനെ ഗാഢമായി നാം പരിശോധിക്കേണ്ടതുണ്ട്. നിശ്ചയമായും, മാനവസമൂ ഹത്തിന്റെ ബൗദ്ധിക ഉറവിടമാണ് വിശുദ്ധ ഖുർ ആൻ. യഥാർത്ഥത്തിൽ നമ്മുടെ പ്രയാസങ്ങളെന്താണ് എന്നു കണ്ടു പിടിക്കുവാൻ വിശുദ്ധ ഖുർ ആന്റെ സഹായം നാം തേടേണ്ടതുണ്ട്. എങ്ങനെ ആ പ്രയാസങ്ങളെ തരണം ചെയ്യുവാൻ കഴിയും? സർവ്വശക്തനായ അല്ലാഹു ഒരു ദൂതനെ(മുസ്ലിംകൾക്ക്) അയയ്ക്കുമ്പോൾ, നാം എന്തു ചെയ്യണം? അദ്ദേഹത്തിൽ വിശ്വസിക്കണമോ? അതോ പാടേ അദ്ദേഹത്തെ നിഷേധിക്കണമോ? കള്ളനാണെന്ന് മുദ്ര അടിക്കണമോ? അദ്ദേഹം കൊണ്ടു വന്ന സന്ദേശത്തെ അവഗണിക്കണമോ? പൂർണ്ണ മായും അദ്ദേഹത്തെ ബഹിഷ്കരിക്കുവാൻ കല്പന പുറപ്പെടുവിക്കേണമോ? അദേഹത്തിനെതിരിൽ കുതന്ത്ര ങ്ങൾ ആവിഷ്കരിക്കണമോ? നമ്മുടെ രോഗത്തിൽ നിന്ന് നാം (മുസ്ലിംകൾ) പൂർണ്ണമായ സൗഖ്യമാണ് ആഗ്ര ഹിക്കുന്നതെങ്കിൽ, അപ്പോൾ നാം ഖുർ ആനെ പരിപാപനമായി കണക്കാക്കുകയും, അല്ലാഹുവിന്റെ ദൂതൻ പ്രത്യക്ഷപ്പെടുമ്പോൾ നാം അദ്ദേഹത്തെ ഒരിക്കലും, നിഷേധിക്കുകയും ചെയ്യരുത്. അദ്ദേഹത്തെ അല്ലാഹു അയയ്ക്കുന്നത് മനുഷ്യരെ അല്ലാഹുവിലേക്കു നയിക്കുന്നതിനു വേണ്ടിയാണ്. മനുഷ്യൻ ദുർബലനാണ്, എന്നാൽ അവൻ അല്ലാഹുവിന്റെ സഹായം തേടിയാൽ, അവന്റെ ദൂതനെ അംഗീകരിക്കാനുള്ള വഴി അവന്റെ മുന്നിൽ തുറന്നിടുകയും ചെയ്യും. അതിനു മനുഷ്യൻ അല്ലാഹുവിനും, അവന്റെ ദൂതനും, അവന്റെ സന്ദേശ ത്തിനും നേരേ മുഖം തിരിഞ്ഞു നിലക്കരുത്.

അതുപോലെ നാം വിശുദ്ധ ഖുർ ആന്റെ അധ്യാപനങ്ങളുമായി ഒരുറച്ച ബന്ധം സ്ഥാപി ക്കേണ്ടിയിരിക്കുന്നു. നമ്മുടെ എല്ലാ പ്രശ്നപരിഹാരങ്ങൾക്കും, സർവ്വശക്തനായ അല്ലാഹു പരിഹാര നിർദ്ദേ ശങ്ങൾ നല്കിയിട്ടുണ്ട്. ഓരോ പ്രശ്നത്തിനും, പരിഹാരം ഖുർ ആൻ നിർദ്ദേശിക്കുന്നുണ്ട്, അതു നാം ഒരിക്കൽ കണ്ടെത്തിയാൽ, നാമെന്തു ചെയ്യണമെന്നു മനസ്സിലാക്കിയാൽ പ്രശ്ന പരിഹാരത്തിനായി ആ ദൈവീക പരിഹാരത്തിൽ ഉറച്ചു നില്ക്കുകയും, നാമൊരു ഉറച്ച തീരുമാനത്തിലെത്തിച്ചേരുകയും, ചെയ്യണം, അതായത് അല്ലാഹുവിന്റെ കല്പനകളെ പ്രവർത്തി പഥത്തിൽ കൊണ്ടു വരുമെന്ന്. പ്രമേയ രൂപേണ പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.

വിശുദ്ധ ഖുർ ആനിൽ നിന്നുള്ള മാർഗ്ഗദർശനവും, ബൗദ്ധികതയും, നമ്മെ ഒരിക്കലും പരാജ യത്തിലെത്തിക്കുകയില്ല. എന്ന് സംശയലേശമന്യേ വിശ്വാസിക്കാം. വിശിഷ്യാ നാം അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യധിഷ്ഠിതവും, നിർണ്ണായകവുമായ ജീവിത സാഹചര്യങ്ങളിൽ (വിജയിക്കുക തന്നെ ചെയ്യും) ആയ തിനാൽ നമുക്ക് വിശുദ്ധ ഖുർ ആനിലേക്കും, തിരുസുന്നത്തിലെക്കും, യഥാർത്ഥ പ്രശ്ന പരിഹാരത്തിനായി നമുക്ക് തിരിയാം.

നാം പ്രശ്നം വിശകലനം ചെയ്യേണ്ടതുണ്ട്. സർവ്വശക്തനായ അല്ലാഹു പ്രപഞ്ചസ്രഷ്ടാ വായവൻ വാഗ്ദാനം ചെയ്തിരിക്കുകയാണ് നയിക്കുവാനുള്ള അധികാരം അവന്റെ ഖലീഫയക്കാണ് അവൻ ഭൂമിയിൽ നല്കുന്നത്. അത് യഥാർത്ഥ (മുസ്ലിംകൾക്കാണ്) വിശ്വാസികൾക്കാണ് ലഭ്യമാകുന്നത്. അവർ അവരെ അല്ലാഹുവിനു വേണ്ടി സമർപ്പിക്കുന്നവരായിരിക്കും. വിശുദ്ധ ഖുർ ആനിലെ താഴെ പറയുന്ന വചനത്തിൽ നിന്നും വ്യക്തമാകുന്നതാണ്.

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും, ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരെയും, ഭൂമിയിൽ ഖലീഫമാരാക്കു ന്നതാണ്.(24:56)

അവിശ്വാസികളുടെ മേൽ വിശ്വാസികൾ എപ്പോഴും മേധാവിത്വം പുലർത്തുന്നതാണ്, എന്ന് സർവ്വശക്തനായ അല്ലാഹു ഉറപ്പു നല്കിയിട്ടുള്ള കാര്യമാണ്. അവിശ്വാസികൾ പുറന്തിരിഞ്ഞോടി പോകുന്ന വരാണ്. അവർക്കൊരു പക്ഷപാതിയേയോ, ഒരു സ്നേഹിതനെയോ, കണ്ടെത്തുകയില്ല. താഴെ പറയുന്ന ഖുർആനിക വചനം ശ്രദ്ധിക്കുക.

''അവിശ്വസിച്ചവർ നിങ്ങളുമായി യുദ്ധം ചെയ്തിരിന്നുവെങ്കിൽ അവർ പുറം തിരിഞ്ഞോടി പോകുമായിരുന്നു. പിന്നീട് ഒരു രക്ഷകർത്താവിനെയും, ഒരു സഹായകനെയും അവർ കണ് ടെത്തുകയുമി ല്ല''.(48:23)

യഥാർത്ഥ മുസ്ലിംകളെ സഹായിക്കുവാനുള്ള ബാധ്യത ഏഅല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നു. അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. എപ്പോഴും, ഇവരാണ്(യഥാർത്ഥ വിശ്വാസികൾ) ബഹുമതിക്കും, മഹത്വത്തിനും, അർഹരാകുന്നവർ. ഇക്കാര്യം വിശുദ്ധ ഖുർആനിലെ താഴെ പറയുന്ന വചനങ്ങളിലൂടെ തറപ്പിച്ചു പറയുന്നു.

''സത്യവിശ്വാസികളെ സഹായിക്കേണ്ടത് നമ്മുടെ ബാധ്യതയുമായിരുന്നു''.(30:48)

''നിങ്ങൾ ബലഹീനത കാണിക്കരുത്, വ്യസനിക്കയുമരുത് നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയായിരിക്കും വിജയികൾ''.(3:140)

''എന്നാൽ (സാക്ഷാൽ) ബഹുമതി അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമുള്ളതത്രെ''.(63:9)

ദൃഢവിശ്വാസത്തിലൂടെയാണ് മുസ്ലിംകളുടെ(നഷ്ടപ്പെട്ട) വില, ആദരവ്, മഹത്വം,പ്രതാപം, ബഹുമതി, അങ്ങനെ എല്ലാം എല്ലാം തിരികെ ലഭിക്കുക. മുകളിൽ സൂചിപ്പിച്ച പരിപാവനമായ വചനങ്ങളിലെ പ്രഖ്യാപനങ്ങൾ വ്യക്തമാക്കി തരുന്നത് അവർക്ക് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുവാൻ, അവർക്ക് നഷ്ടപ്പെട്ട ദൃഢവിശ്വാസം രൂഢമൂലമാക്കുക എന്നതാണ്. പ്രതാപവാനായ അല്ലാഹുവും അവന്റെ ദൂതൻ മുഹമ്മദ് മുസ്തഫാ(സ.അ) യുമായുള്ള നിങ്ങളുടെ ബന്ധം രൂഢമൂലമാണെങ്കിൽ, ആത്മാർത്ഥത നിറഞ്ഞതാണെങ്കിൽ, സംശയലേശമന്യേ, നിങ്ങൾ ഈ ലോകത്തിലെ ഓരോ കാര്യത്തെയും, നിയന്ത്രിക്കുകയും, നയിക്കുകയും, ചെയ്യുന്നതാണ്. എന്നാൽ നിങ്ങളുടെ വിശ്വാസം ദുർബലമാണെങ്കിൽ അല്ലെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും നിങ്ങളുടെ വിശ്വാസം വഴുതിപോയാൽ, അപ്പോൾ സ്വയമേവ നമ്മൾ (മുസ്ലിംകൾ) നശിച്ചു പോകുന്നതാണ്. അതേതുടർന്ന് വിപത്തുകൾ നമ്മെ പിന്തുടരുന്നതാണ്.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ് കേരളത്തിലെ എന്റെ സഹോദരീ സഹോദരന്മാരെയും, കുട്ടികളെയും, അഭിസംബോധന ചെയ്തു കൊണ്ട് ഏതാനും കാര്യങ്ങൾ പറയുവാൻ ആഗ്രഹിക്കുന്നു. ആദ്യമായി നിങ്ങൾക്കെല്ലാവർക്കും, ''അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹൂ പറയുന്നു''. എന്റെ വിനീതപ്രാർത്ഥന ഇതാണ് അല്ലാഹു നിങ്ങളെ എല്ലാവരെയും, നല്ല ശാരീരികാരോഗ്യത്തിലും,, അതുപോലെ നല്ല ആത്മീയാരോഗ്യത്തിലും, എപ്പോഴും, സംരക്ഷിക്കട്ടെ; അല്ലാഹു നിങ്ങൾക്ക് ദീർഘായുസ്സ് പ്രദാനം ചെയ്യട്ടെ, നിങ്ങളുടെ ധനം അവൻ വർദ്ധിപ്പിച്ചു തരട്ടെ., ഇൻഷാ അല്ലാഹ്.

ധനത്യാഗരംഗത്ത് അസാധാരണമായ പ്രയത്നമാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം കേരള നിർവ്വഹിച്ചത്.അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചു ചെയ്ത ഈ പ്രവർത്തിക്ക് വെറും 72 മണിക്കൂർ മാത്രമാണെടുത്തത്. വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ജമാഅത്തുകളെ താരതമ്യം ചെയ്യുമ്പോൾ കേരളാ ജമാഅത്ത് ഏറ്റവും നല്ല നിലയിലാണ് പ്രവർത്തിച്ചത്. നന്മയുടെ കാര്യത്തിൽ നിങ്ങൾ മത്സരിച്ചു മുന്നേറുക. അവരുടെ പ്രവർത്തിയിലൂടെ അവർ പുനർ ജീവിക്കുകയായിരുന്നു. അൽഹംദുലില്ലാഹ്. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ.അ) യുടെ കാലത്തെ ബഹുമാന്യരായ സഹബാക്കളുടെ മഹത്വപൂർണ്ണമായ ത്യാഗത്തിലേക്ക് ശുഷ്ക്കമായ സാമ്പത്തിക സ്ഥിതി ആയിരുന്നതിനാൽ ആദരണീയരായ പ്രവാചക അനുചരന്മാർ, ചന്തകളിൽ പോയി പണി എടുത്തത്,തങ്ങൾക്കു കിട്ടുന്ന ധനം തങ്ങളുടെ ദൈവദൂതന്റെ കരങ്ങളിലേല്പ്പിക്കുവാനും അവ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുവാനും വേണ്ടി മാത്രമായിരുന്നു. അവർ ഈ പ്രവർത്തികൾ ചെയ്തത് മന:സന്തോഷത്തോടെയായിരുന്നു. സത്യത്തിൽ അവരുടെ ഭവനങ്ങളിൽ ഭക്ഷണത്തിനു പോലും വകയില്ലായിരുന്നു. അഥവാ മതിയായ വസ്ത്രങ്ങൾ പോലുമില്ലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അല്ലാഹുവും അവന്റെ ദൂതനും ഒന്നാം സ്ഥാനത്തായിരുന്നു.അവരുടെ ത്യാഗങ്ങൾ അപ്രകാരമായിരുന്നു. പരമോന്നതമായ അല്ലാഹു അവരെ അനുഗ്രഹിച്ചു. ആ അനുഗ്രഹം ഇന്നവരെ മഹത്വത്തിന്റെ നെറുകയിലെത്തിച്ചു. ആദ്ധ്യാത്മിക ഭാഷയിൽ പറഞ്ഞാൽ, ഈ വിനീതന്റെ ആഗമനത്തോടെ, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ വിനീതദാസനെ ഒരു ജമാഅത്തുമായി അല്ലാഹു ഉയർത്തിയതിനെ തുടർന്ന് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അതിന്റെ മനോഹരമായ ത്യാഗശക്തി പ്രകടമാക്കിയ ശ്വാസിത്രെ(63:9)

''സഹാബെ കിറാമി'' നെ അനുസ്മരിപ്പിച്ചു കൊണ്ട് ഇന്ന് കേരളത്തിൽ, അവർ ഉണർന്നെണീറ്റിരിക്കുന്നു.അവരുടെ സാമ്പത്തിക സ്ഥിതി പരുങ്ങലിലായിരുന്നിട്ടു പോലും, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായ്ക്ക് അർത്ഥശങ്കയ്ക്കിടയില്ലാതെ ''ലബ്ബൈയ്ക്ക്'' പറയാൻ അവർ തയ്യാറായിരിക്കുന്നു.

മറ്റു രാജ്യങ്ങളിലെ ജമാഅത്തുകൾ കേരളാജമാഅത്തിനെ മാതൃകയായി സ്വീകരിക്കേണ്ടതാണ്. ഇന്നവർ (കേരളാജമാഅത്ത്) നട്ടതിന്റെ ഫലം, തീർച്ചയായും അവർ, അതിനെക്കാൾ കൊയ്യുന്നതായിരിക്കും. അത് ഈ ലോകത്തായാലും, ശരി പരലോകത്തായാലും ശരി ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലം വരും തലമുറകൾക്ക് പ്രയോജനകരമായി തീരുക തന്നെ ചെയ്യും.ഈ സത്പ്രവർത്തനങ്ങളുടെ ത്യാഗങ്ങളുടെ ഫലം അവർ ഭക്ഷിച്ചു കൊണ്ടിരിക്കും.

അല്ലയോ, എന്റെ സഹോദന്മാരെ, സഹോദരിമാരെ കുട്ടികളെ ഞാൻ നിങ്ങൾക്കൊരു സന്തോഷവാർത്ത എത്തിക്കുകയാണ്. അല്ലാഹു നിങ്ങളോടോപ്പമുണ്ട്. നിങ്ങൾ എവിടെ ആയിരുന്നാലും ശരി, അല്ലാഹുവിന്റെ നിഴൽ നിങ്ങളുടെ മേൽ ഉണ്ടാകും. എല്ലാവിധ കൊടുങ്കാറ്റുകളിൽ നിന്നും അല്ലാഹു നിങ്ങളെ സംരക്ഷിക്കുന്നതാണ്. നിങ്ങളുടെ പ്രയാസങ്ങൾ എന്തു തന്നെയായാലും, അല്ലാഹു നിങ്ങളിൽ നിന്നും അതു മാറ്റുന്നതാണ്. ഇൻഷാ അല്ലാഹ്. ആമീൻ.

ഞാൻ നിങ്ങൾക്ക് വീണ്ടും ഉറപ്പു നൽകുന്നു .നിശ്ചയമായും എന്റെ പ്രാർത്ഥനകൾ നിങ്ങളോടോപ്പമുണ്ട്. അതുപോലെ നിങ്ങളുടെ പ്രശ്നങ്ങൾ എന്തുതന്നെ ആയാലുംശരി, വലുതോ, ചെറുതോ, ആകട്ടെ, അല്ലാഹു നിങ്ങളിൽ നിന്നും അവയെ മാറ്റുന്നതാണ്. ഇൻഷാ അല്ലാ അല്ലാഹുവിനോടും, ഈ നൂറ്റാണ്ടിലെ, അവന്റെ ഖലീഫയോടും, ഏറ്റവും നല്ല അനുസരണമാണ് നിങ്ങൾ പ്രകടമാക്കിയിട്ടുള്ളത്.അതെ, തീർച്ചയായും, കേരളാ ജമാഅത്ത് ഇസ്ലാമിനു വേണ്ടി വളരെ നല്ല പ്രവർത്തനങ്ങൾ എല്ലാ രംഗത്തും കാഴചവച്ചിട്ടുണ്ട്. ഇൻഷാ അല്ലാ ഇതിലും വലിയ ത്യാഗങ്ങൾ സഹിക്കുവാൻ നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തയ്യാറായിരിക്കും. എല്ലാ രീതിയിലും, നൂറുകണക്കിനു ത്യാഗങ്ങൾ അല്ലാഹുവിന്റെ ഖലീഫയോടുള്ള നിങ്ങളുടെ സ്നേഹം, നിങ്ങളുടെ ആദരവ്, നിങ്ങളുടെ അനുസരണം ഇവ മൂലം നിങ്ങൾ ഏറ്റവും, നല്ല പ്രകാശദീപങ്ങളെപ്പോലെ പ്രകാശിക്കുന്നതായിരിക്കും. ഇൻഷാ അല്ലാ അല്ലാഹു തന്റെ തന്നെ പ്രകാശത്താൽ നിങ്ങളെ അലങ്കരിക്കട്ടെ. ആമീൻ.

Dr.E.താഹിർ സാഹിബിനും, കുടുംബത്തിനും, മുഹമ്മദ് സിറാജ് സാഹിബിനും, റഫീനാ സിറാജ് സാഹിബയ്ക്കും, അബ്ദുൽ കബീർ സാഹിബിനും കുടുംബത്തിനും, Y.K.ഹാരിസ് സാഹിബിനും, റസിയാ ഹാരിസ് സാഹിബായ്ക്കും, അബൂബക്കർ സാഹിബിനും, കുടുംബത്തിനും, അബ്ദുൽ ഹക്കീം സാഹിബിനും, സലീം സാഹിബിനും, കുടുംബത്തിനും, മുഹമ്മദ് ബഷീർ സാഹിബിനും, D.A സൈനുൽ ആബ്ദീൻ സാഹിബിനും, ഫായിസ മർയം സെയ്നിനും, സക്കരിയ്യാ ഇബ്ൻ സൈനിനും, ഫൗസിയാ ജമാൽ സാഹിബായ്ക്കും, സോഫിയാ സാഹിബായ്ക്കും, ശരീഫാബീവി സാഹിബായ്ക്കും, സാക്കി മുബാറക് അസീസ് റാവുത്തറിനും, ഹസീനാ മസൂദ് ഫസിൽ സാഹിബായ്ക്കും, ഫസിൽ ജമാൽ സാഹിബിനും, ജമാഅത്ത് അമീർ ജമാലുദീൻ സാഹിബിനും(തന്റെ പേരിലും അതോടൊപ്പം മരണപ്പെട്ടു പോയ തന്റെ സ്നേഹനിധികളായ പിതാവ് രസൗമീരാൻ റാവുത്തർ സാഹിബിനും, മാതാവ് ഫാത്തിമാ ബീവി സാഹിബായ്ക്കും, അതുപോലെ പരേതനായ തന്റെ പ്രിയപുത്രൻ ഫൗസ് ജമാൽ സാഹിബിനും തന്റെ കൊച്ചു മകൻ യഹ്യാ ഫൗസ് ജമാലിനും) ഞാൻ നന്ദി പറയുന്നു. അഭിനന്ദനങ്ങൾ അറിയിക്കുന്നു പ്രാർത്ഥിക്കുന്നു.

അബ്ദുല്ലാ സുബൈർ സാഹിബിനെയും, പട്ടാഭിരാമൻ സാഹിബിനെയും അതുപോലെ ഈ സാമ്പത്തിക ത്യാഗത്തിൽ സഹകരിച്ച എല്ലാവരെയും, ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഓർക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ എല്ലാവരുടെയും അവസാന പ്രതിഫലം അല്ലാഹു തന്നെ ആയിരിക്കട്ടെ. ആമീൻ.

അല്ലാഹുവിനോടും അവന്റെ ഖലീഫയോടും, അവസാനശ്വാസം വരെയും, കൂറു പുലർത്തുന്നവരായിരിക്കാൻ അല്ലാഹു നിങ്ങൾക്കെല്ലാവർക്കും, തൗഫീഖ് ചെയ്യട്ടെ. ഇൻഷാ അല്ലാഹ് നിങ്ങളുടെ പാരത്രിക ലോക പ്രതിഫലം വളരെ വലുതു തന്നെ ആയിരിക്കും.

സമയപരിമിതി മൂലം ഞാൻ എന്റെ പ്രസംഗം ഇവിടെ അവസാനിപ്പിക്കുകയാണ്. സഹോദരന്മാർക്കും, സഹോദരിമാർക്കും ജോലിക്കായി മടങ്ങിപോകേണ്ടതുണ്ട്. ഈ പ്രസംഗം തുടരുവാനുള്ള അറിവും, അവസരവും, എന്റെ റബ്ബ് എനിക്കു നല്കുന്നതിനായി ഞാൻ ദുആ ചെയ്യുന്നു. ഇൻഷാ അല്ലാ അടുത്ത വെള്ളിയാഴ്ച ബാക്കി തുടരുന്നതാണ്. ഇത് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്.ഈ ഖുത്തുബയിലൂടെ പറയപ്പെട്ട കാര്യങ്ങൾ ഓരോരുത്തരും ഗൗരവതരമായി എടുക്കേണ്ടതാണ്.ആമീൻ.

*Translated & Issued by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*